# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.7346 — 17.07.12-ൽ മറുപടിക്ക്.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.എ വാഹിദ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തിന്നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽനിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) | ദീർഘകാല വീക്ഷണത്തോടെ അഞ്ച് വർഷത്തേയ്ക്കുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾ വർഷം തിരിച്ച് മുൻഗണന അനുസരിച്ചും മേഖല തിരിച്ചും തയ്യാറാക്കേണ്ടതാണ്. ദീർഘകാലപദ്ധതിയുടെ അടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതികൾ ഓരോ രണ്ട് വർഷത്തേക്ക് (ഒന്നും രണ്ടും വർഷങ്ങളിലേയ്ക്കുള്ള പദ്ധതി തരം തിരിച്ച്) പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കണം. ഭരണ സമിതി അംഗീകരിച്ച പദ്ധതികൾ പഞ്ചായത്തിലെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് നിയമാനുസൃതം നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയും അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥൻ വിലയിരുത്തി സാങ്കേതിക അനുമതി നൽകുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷിക്കേണ്ട രേഖകളും സ്ഥലം മാറിപോകുമ്പോൾ ചെയ്യേണ്ട ഉത്തരവാദിത്വങ്ങളും എന്തെല്ലാ | (സി) | പദ്ധതിരേഖ, പ്രോജക്ട്, ഗുണഭോക്തൃ ലിസ്റ്റ്, മോണിട്ടറിംഗ് റിപ്പോർട്ട് ചെലവുമായി ബന്ധപ്പെട്ട ബില്ലുകൾ, വൗച്ചറുകൾ, ഫയലുകൾ മുതലായവ പദ്ധതി നിർവഹണ ഉദ്യോഗസ്ഥർ |

| | | | |
|---|---|---|---|
| | മാണ്; | | സൂക്ഷിക്കേണ്ട രേഖകളിൽപ്പെടുന്നു. സ്ഥലം മാറിപോകുന്ന പദ്ധതി നിർവഹണ ഉദ്യോഗസ്ഥർ ഈ രേഖകൾ പുതുതായി വന്ന ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്. |
| (ഡി) | ഗുരുതരമായ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അവരുടെ കുറ്റത്തിന്റെ സ്വഭാവമനുസരിച്ചാണ് ശിക്ഷാനടപടികൾ കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ